# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1191 | 20.03.2012-ൽ മറുപടിയ്ക്ക്

## കൊല്ലം ജില്ലയിലെ പ്രവൃത്തികൾ

| ചോദ്യം<br>ശ്രീമതി. അയിഷാ പോറ്റി | ഉത്തരം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്തുവകുപ്പ് മന്ത്രി) |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമരാമത്ത് വകുപ്പിൽ നിന്നും കൊല്ലം ജില്ലയിൽ ഭരണാനുമതി നൽകിയത് എന്ത് തുകയുടെ പ്രവൃത്തികൾക്കാണ് ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമരാമത്ത് വകുപ്പിൽ നിന്നും കൊല്ലം ജില്ലയ്ക്ക് റോഡുകളും പാലങ്ങളും, കെട്ടിടം, ദേശീയപാതാ വിഭാഗങ്ങളിൽ നിന്നായി മൊത്തം 13,798 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പ്രവൃത്തികളുടെ വിശദവിവരം നിയോജകമണ്ഡലം തിരിച്ച് ലഭ്യമാക്കുമോ ; | (ബി) കെട്ടിട വിഭാഗത്തിന്റെ കീഴിൽ കൊല്ലം ജില്ലയിൽ കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ കരിപ്ര പഞ്ചായത്തിൽ ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി നിർമ്മിക്കുന്നതിന് 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. മറ്റ് പ്രവർത്തികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭരണാനുമതി നൽകിയ നിർമ്മാണ പ്രവർത്തികളുടെ പേരുവിവരവും അടങ്കൽതുകയും വ്യക്തമാക്കുമോ? | (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊട്ടാരക്കര നിയോജമണ്ഡലത്തിൽ കരിപ്ര പഞ്ചായത്തിൽ ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറിയ്ക്ക് 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.